**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **13-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കുണ്ടൂർ തോട് നവീകരണ പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് വർഷത്തെ ബജറ്റിലാണ് പ്രഖ്യാപിച്ചതെന്ന് അറിയിക്കാമോ; ഈ പ്രവൃത്തി വൈകുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തി 2016-17 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചുള്ളതാണ്. 2016-17ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ ഉൾപ്പെട്ട കുണ്ടൂർതോട് നവീകരണത്തിനായി G.O. (Rt) No.300/2018/WRD തീയതി 27.10.2016, G.O. (Rt) No.850/2016/WRD തീയതി 28.10.2016 പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനും, സാധ്യത പഠനം നടത്തുന്നതിനുമുള്ള അംഗീകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകി. എന്നാൽ കേരള വാട്ടർ അതോറിറ്റി ഇത്തരത്തിലുള്ള പദ്ധതികൾ നടത്തിയിട്ടില്ലാത്തതിനാൽ GO (Rt) No.300/2018/WRD തീയതി 23.04.2018 ൽ ഈ പ്രവർത്തി കെ.ഐ.ഐ.ഡി.സി.യെ ഏൽപ്പിച്ചു തത്വത്തിൽ അംഗീകാരം നൽകി. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ മാനദണ്ഡപ്രകാരം തയ്യാറാക്കുന്നതിന് ആയകട്ട് വിശദശാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക് വിശദാംശങ്ങൾ, മണ്ണ് നീക്കം ചെയ്യൽ, മണ്ണ് നിക്ഷേപം ചെയ്യാനുള്ള സ്ഥലത്തിന്റെ അഭാവം എന്നിവ മൂലം കാലതാമസം നേരിട്ടു. ഇവ പരിഹരിച്ചു, ഡി.പി.ആർ, തയ്യാറാക്കിയെങ്കിലും കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ഉത്തരവ് നമ്പർ GO (Rt) No.16/2021/WRD തീയതി 06.01.2021 പ്രകാരം പ്രസ്തുത പ്രവർത്തി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി. അതനുസരിച്ചു ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചാൽ ഉടൻ തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് പ്രളയവും കോവിഡ്-19 ഉം കാരണം കാലതാമസമുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ